**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** **09-12-2022 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കൊച്ചി മണ്ഡലത്തിലുള്ള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. അരിയിട്ടുവാഴ്ച കൊട്ടാരം, മട്ടാഞ്ചേരി<br>2. ബാസ്റ്റ്യൻ ബംഗ്ലാവ്, ഫോർട്ട്കൊച്ചി<br>3. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, തോപ്പുംപടി .<br>4. കടവുംഭാഗം സിനഗോഗ് (കറുത്ത ജൂതപ്പള്ളി), മട്ടാഞ്ചേരി. |
| (ബി) | ഇവയുടെ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | മേൽപ്പറഞ്ഞ സംരക്ഷിത സ്മാരകങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ഇത്തരത്തിൽ ഈ സർക്കാരിന്റെ കാലത്ത് സംരക്ഷിത സ്മാരകങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അരിയിട്ടുവാഴ്ച കൊട്ടാരം - സംരക്ഷണ പ്രവർത്തനങ്ങൾക്കായി 40,32,000/- രൂപ അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br>2. കടവുംഭാഗം സിനഗോഗ്- സംരക്ഷണത്തിനായി 2021-2022 സാമ്പത്തിക വർഷം 22,83,830/- രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം കെട്ടിടങ്ങൾക്ക് സമീപം നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് എന്തെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | മേൽ സ്മാരകങ്ങളെ സംബന്ധിച്ച് കേരള പുരാവസ്തു വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും ദൂരപരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ